# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതിന് രൂപീകരിച്ച സമിതിയുടെ നിർദ്ദേശങ്ങളിന്മേലുള്ള സിൻഡിക്കേറ്റ് തീരുമാനം ഉത്തരവായി പുറപ്പെടുവിക്കുന്നു.

അക്കാദമിക് എ5 വിഭാഗം

സ.ഉ.നം.859/എ5/1/സിവിൽ സർവ്വീസ്/2018/അക്കാദമിക്       പി.ഡി.ഹിൽസ്, തീയതി: 07.02.2018

പരാമർശം:- 1) സ.ഉ.നം. 7382/എസിഎ5/1/സിവിൽ സർവ്വീസ്/2017/അക്കാദമിക് തീയതി: 19.12.2017

2) 15.12.2017, 27.12.2017 എന്നീ തീയതികളിൽ ബഹു: വൈസ് ചാൻസലറുടെ ചേമ്പറിൽ കൂടിയ യോഗങ്ങളുടെ നടപടിക്കുറിപ്പ്.

3) 12.01.2018 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം.ഒ.എ.-14/18.01/181015

## ഉത്തരവ്

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സിവിൽ സർവ്വീസസ് പരീക്ഷകൾക്കുള്ള പരിശീലന കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതിന് വൈസ് ചാൻസലർ, പ്രോ വൈസ് ചാൻസലർ, സിൻഡിക്കേറ്റിന്റെ സ്റ്റാഫ്, ധനകാര്യം, ലീഗൽ, അക്കാദമിക് എന്നീ ഉപസമിതികളുടെ കൺവീനർമാർ, രജിസ്ട്രാർ എന്നിവരടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തിയ സിൻഡിക്കേറ്റ് തീരുമാനം പരാമർശം (1) പ്രകാരം ഉത്തരവായി പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത സമിതി പരാമർശം (2) പ്രകാരം യോഗങ്ങൾ കൂടി സർവ്വകലാശാലയിൽ സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകി.

1. സർവ്വകലാശാലയിൽ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന കേന്ദ്രം തുടങ്ങുമ്പോൾ വിദ്യാർഥികളെ സിവിൽ സർവ്വീസ് നേടുന്നതിലുപരിയായി മറ്റ് ഉയർന്ന ഉദ്യോഗങ്ങൾക്കും (ഐക്യരാഷ്ട്രസഭ സിവിൽ സർവ്വീസ്, ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സ് ഉൾപ്പടെയുള്ള സ്ഥാപനങ്ങളിൽ ഉപരിപഠനം) കൂടി പ്രാപ്തരാക്കുക എന്ന വിശാല താല്പര്യം ഉണ്ടാകണം.
2. ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്., ഡി.ജി.പി. (റിട്ട.) ഇൻസ്റ്റിറ്റ്യൂട്ടിൻറെ ഓണററി ഡയറക്ടറായി ശമ്പളം പറ്റാതെ ചുമതലയേൽക്കും. യോഗങ്ങൾക്കോ ക്ലാസ്സുകൾക്കോ എത്തുമ്പോൾ യാത്രപ്പടി/ദിനബത്ത നൽകിയാൽ മതിയാകും.
3. ഇൻസ്റ്റിറ്റ്യൂട്ട് തൽക്കാലം സ്കൂൾഓഫ് ഗാന്ധിയൻ സ്റ്റഡീസിൽ സെന്റർ ഫോർഇംഗ്ലീഷ് ലാംഗേജ് കമ്യൂണിക്കേഷൻ സ്കിൽസ് നടന്നിരുന്ന സ്ഥലത്ത് തുടങ്ങാവുന്നതാണ്.
4. പരിശീലനത്തിനാവശ്യമായ ചെലവുകൾക്ക് അക്കാഡമിക്/അഡ്മിനിസ്ട്രേഷൻ സ്റ്റാഫ് കോളജിൻറെ ഹ്യുമൻ റിസോഴ്സ് സെൻററിനായി നീക്കി വെച്ചിരിക്കുന്ന ഒരു കോടിരൂപ ഉപയോഗിക്കാവുന്നാണ്. (ലൈബ്രറി, കംപ്യൂട്ടർ ലാബ് etc.)
5. ഇൻസ്റ്റിറ്റ്യൂട്ട് സ്വന്തമായി സ്ഥാപിക്കുന്ന ലൈബ്രറി കൂടാതെ സർവ്വകലാശാലാ ലൈബ്രറി/ പഠന വകുപ്പുകളിലെ ലൈബ്രറി എന്നിവ വിദ്യാർഥികൾക്ക് ഉപയോഗിക്കാവുന്നതാണ്.
6. പുതുതായി നിർമ്മിച്ചു വരുന്ന കൺവേർജൻസ് അക്കാഡമിയ കോംപ്ലക്സിലെ രണ്ടാം നിലയിൽ നാനോ സെന്ററിനായി നീക്കി വെച്ചിരിക്കുന്ന ഭാഗം പൂർണ്ണമായും ഇൻസ്റ്റിറ്റ്യൂട്ടിനായി ഉപയോഗപ്പെടുത്താവുന്നതാണ്.
7. ഇൻസ്റ്റിറ്റ്യൂട്ട് കരിക്കുലം സംബന്ധിച്ച രൂപരേഖ 2018 ജനുവരി 7ന് ശേഷം നടക്കുന്ന യോഗത്തിൽ ഡോ. അലക്സാണ്ടർ ജേക്കബ് സമർപ്പിക്കുന്നതാണ്.

(മറുപുറം)

8. സർവ്വകലാശാലയിലെയും സമീപ കോളജുകളിലെയും സിവിൽ സർവീസ് പരിശീലകരാകാൻ താല്പര്യമുള്ള അധ്യാപകരുടെ ഒരു പാനൽ തയ്യാറാക്കണം.

9. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യ ഘട്ടത്തിൽ താരതമ്യേന കുറഞ്ഞ ഫീസ് ഈടാക്കിയാൽ മതിയെന്നും അവ പിന്നീട് അന്തിമമായി തീരുമാനിക്കാം എന്നും നിർദ്ദേശിച്ചു.

10. ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി ഒരു വെബ്സൈറ്റ് നിർമിക്കണം.

11. 2018 ജനുവരി ആദ്യവാരം വിജ്ഞാപനം നടത്തി 15ന് മുൻപ് അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ച് ജനുവരി 20ന് പ്രവേശനപരീക്ഷ ഒഎംആർ രീതിയിൽ കോട്ടയം കേന്ദ്രീകരിച്ച് നടത്തണമെന്ന് നിർദ്ദേശിച്ചു.

12. ബിരുദ വിദ്യാർഥികളെയും ബിരുദ/ബിരുദാനന്തര ബിരുദധാരികളെയും പരിശീലനത്തിനായി തെരഞ്ഞെടുക്കണം.

13. 2018 ഫെബ്രുവരി മാസം ക്ലാസ്സുകൾ തുടങ്ങണം.

14. ആദ്യഘട്ടത്തിൽ 100 പേർക്ക് പ്രവേശനം നൽകാം.

15. ഓപ്ഷണൽ വിഷയങ്ങളായ മലയാളം, ഇംഗ്ലീഷ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, സൈക്കോളജി, പബ്ലിക് അഡ്മിനിസ്ട്രേഷൻ, എൻജിനീയറിംഗ് വിഷയങ്ങളിൽ പരിശീലകരെ സർവ്വകലാശാല/സമീപ കോളജുകളിൽ നിന്നുള്ള അധ്യാപകരുടെ പാനലിൽ നിന്നോ ഓണററി ഡയറക്ടർ/കോ-ഓർഡിനേറ്റർ തയ്യാറാക്കുന്ന പാനലിൽ നിന്നോ തെരഞ്ഞെടുക്കണം.

16. ശനി, ഞായർ ദിവസങ്ങളിൽ മാത്രമായിരിക്കും ക്ലാസുകൾ നടത്തുക.

17. അർഹരായ വിദ്യാർഥികൾക്ക് സംസ്ഥാന/കേന്ദ്ര സർക്കാരുകളുടെയും സ്വകാര്യ ഏജൻസികളുടെയും സ്കോളർഷിപ്പുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾസ്വീകരിക്കും.

18. സിവിൽ സർവ്വീസ് പരിശീലനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുള്ള ആനുകൂല്യങ്ങൾ സർവ്വകലാശാലയിലെ സിവിൽ സർവ്വീസ് പഠിതാക്കൾക്കും ലഭ്യമാക്കുന്നത് പരിഗണിക്കാവുന്നതാണ്.

19. വിദ്യാർഥികൾക്ക് സ്പോൺസർമാരെ ലഭിക്കാനുള്ള സാധ്യതകൾ ആരായും.

20. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ക്രമേണ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി തെരഞ്ഞെടുത്ത കോളജുകളിലേക്കും വ്യാപിപ്പിക്കാം.

21. എറണാകുളം മഹാരാജാസ് കോളജ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉപഗ്രഹ സെന്ററാക്കുന്നത് പരിഗണിക്കാവുന്നതാണ്.

22. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തിനായി വേണ്ടത്ര ഉദ്യോഗസ്ഥരെ നിയമിക്കും.

23. സിവിൽ സർവ്വീസ് പരിശീലന രംഗത്ത് മുൻ പരിചയമുള്ള ശ്രീ. പി. ആർ. മനോജിനെ കരാർ അടിസ്ഥാനത്തിൽ താൽക്കാലിക കോ-ഓർഡിനേറ്ററായി നിയമിക്കാവുന്നതാണ്. (ബയോഡാറ്റ ഫയലിൽ ചേർത്തിരിക്കുന്നു)

24. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ ചെലവുകൾക്കായി 2 ലക്ഷം രൂപ ലൈഫ് ലോങ് ലേണിംഗ് വകുപ്പ് മേധാവിയുടെ അക്കൗണ്ടിലേക്ക് അടിയന്തിരമായി മാറ്റി നൽകണം.

25. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനത്തിന് മുഖ്യമന്ത്രിയെയും, ചീഫ് സെക്രട്ടറിയെയും ക്ഷണിക്കും.

മേൽ പരാമർശിച്ച നിർദ്ദേശങ്ങൾ ബഹു: വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലറുടെ 03.01.2018-ലെ ഉത്തരവിൻ പ്രകാരം സിൻഡിക്കേറ്റിന്റെ സ്റ്റാഫ് & ഡിപ്പാർട്ട്മെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചു.

സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം സർവ്വകലാശാലയിൽ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതിന് രൂപീകരിച്ച സമിതിയുടെ നിർദ്ദേശങ്ങൾ താഴെപ്പറയുന്ന മാറ്റങ്ങളോടെ അംഗീകരിക്കുവാൻ തീരുമാനിച്ചു.

ഹ്യൂമൻ റിസോഴ്സ് സെന്ററിനായി നീക്കി വെച്ചിരിക്കുന്ന തുകയിൽ നിന്നും ആവശ്യമായ തുക അനുവദിക്കാനും ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കാനും 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപ ഫീസായി ഈടാക്കാനും അപേക്ഷ നൽകുന്നതിന് വിജ്ഞാപന തീയതി മുതൽ രണ്ടാഴ്ച സമയം അനുവദിക്കാനും ഒരു ബാച്ചിൽ 60 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)

രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. സിൻഡിക്കേറ്റിന്റെ സ്റ്റാഫ്, ധനകാര്യം, ലീഗൽ, അക്കാദമിക് എന്നീ ഉപസമിതികളുടെ കൺവീനർമാർ
2. വകുപ്പ് മേധാവി, DLLE /All departments
3. വൈസ് ചാൻസലറുടെ /പ്രോ വൈസ് ചാൻസലറുടെ പി.എസ്.
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.
5. എ.ആർ III/ഡി. ആർ II/ജെ. ആർ. II (Admin)
6. എസി.സി./ഓഡിറ്റ് I/ സീറ്റെക്സ്/എഡി.ഡി/ഫിനാൻസ് I/ജനറൽ ക്യാഷ്
7. എഡി.എ I/II/III/IV/V
8. കണ്ടന്റ് മാനേജ്മെന്റ് / ഐ.ക്യൂ.എ.സി./PRO
9. കരുതൽ ഫയൽ/ ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ